(ജി) സീ-മാറ്റിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ മേൽവിലാസവും തസ്തികയും അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.*

(എച്ച്) സീ-മാറ്റ് ട്രാവൻകൂർ-കൊച്ചിൻ ലിറ്റററി, സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഒരു ചാരിറ്റബിൾ സൊസൈറ്റിയാണ്. ആയതിനാൽ സീ-മാറ്റിലെ ജീവനക്കാരുടെ നിയമനത്തിന് സഹകരണ സംഘം രജിസ്ട്രാറുടെ അനുമതി ആവശ്യമില്ല.

എൻ.സി.ഡി.സി., ഐ.സി.ഡി.പി. എന്നീ പദ്ധതികൾ പ്രകാരം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ സഹകരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ പദ്ധതികൾ

10(2262) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.സി.ഡി.സി., ഐ.സി.ഡി.പി. പദ്ധതി പ്രകാരം ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിലെ ഏതെല്ലാം സഹകരണ സ്ഥാപനങ്ങൾ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം വനിതാ സഹകരണ സംഘങ്ങൾക്ക് എന്തെല്ലാം റിവൈവൽ പ്രോജക്ടുകൾ നടപ്പിലാക്കി എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) . ഒറ്റപ്പാലം മാർക്കറ്റിംഗ് സഹകരണ സംഘത്തിന് 2008-2011 കാലയളവിൽ എൻ.സി.ഡി.സി. പദ്ധതി പ്രകാരം 30 ലക്ഷം രൂപ വായ്പയും 10 ലക്ഷം രൂപ ഓഹരിയും അനുവദിച്ചിട്ടുണ്ട്. ഐ.സി.ഡി.പി. പദ്ധതി 30-6-1994-ൽ അവസാനിച്ചിതിനാൽ ടി കാലയളവിനുശേഷം പാലക്കാട് ജില്ലയിൽ ടി പദ്ധതി പ്രകാരം തുക അനുവദിച്ചിട്ടില്ല. 1989-1994 കാലയളവിൽ ഐ.സി.ഡി.പി. പദ്ധതിപ്രകാരം 9 സഹകരണ സ്ഥാപനങ്ങൾക്ക് 11.22 ലക്ഷം രൂപ വായ്പയും 29.60 ലക്ഷം രൂപ ഓഹരിയും അനുവദിച്ചിട്ടുണ്ട്.

(ബി) പീഡിത സഹകരണ സംഘങ്ങൾക്കുള്ള ധനസഹായമായി 2009-10 വർഷം അമ്പലപ്പാറ വനിത സഹകരണസംഘത്തിന് 630000 രൂപയും ശ്രീകൃഷ്ണപുരം വനിത സഹകരണ സംഘത്തിന് 700000 രൂപയും അനുവദിച്ചിട്ടുണ്ട്.

	ഓഹരി	സബ്സിഡി	വായ്പ
അമ്പലപ്പാറ വനിതാ സഹകരണസംഘം (കെട്ടിട നിർമ്മാണ പദ്ധതി)	63000 രൂപ	504000 രൂപ	63000 രൂപ
ശ്രീകൃഷ്ണപുരം വനിത സഹകരണ സംഘം (കമ്പ്യൂട്ടർ പരിശീലന കേന്ദ്രം)	70000 രൂപ	560000 രൂപ	70000 രൂപ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly